"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ഊർജ്ജ വകുപ്പ് - ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് - ജീവനക്കാര്യം - ശ്രീമതി.ഉഷാകുമാരി പി.കെ-യുടെ (പെൻ 298908) ഡെപ്യൂട്ടി ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ തസ്തികയിലെ നിരീക്ഷണകാലം തൃപ്തികരമായി പൂർത്തീകരിച്ചതായി പ്രഖ്യാപിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഊർജ്ജ (എ) വകുപ്പ്

സ.ഉ.(സാധാ) നം.91/2024/POWER തീയതി,തിരുവനന്തപുരം, 28-05-2024

---

പരാമർശം:- 1. സ.ഉ.(സാധാ.) നം. 91/2023/പവർ തീയതി: 26.05.2023.

2. ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ 18.04.2024-ലെ സി.ഇ.ഐ/1173/2024-ഇ1 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

ശ്രീമതി.ഉഷാകുമാരി പി.കെ പരാമർശം 1)ലെ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഡെപ്യൂട്ടി ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ തസ്തികയിൽ 27.05.2023 പൂർവ്വാഹ്നത്തിൽ സ്ഥാനക്കയറ്റം മുഖേന എറണാകുളം ഡെപ്യൂട്ടി ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ കാര്യാലയത്തിൽ ജോലിയിൽ പ്രവേശിച്ചതായും ടിയാൾ നിരീക്ഷണ കാലയളവിൽ നിരീക്ഷണകാലത്തിന് യോഗ്യകാലമല്ലാത്ത 25.09.2023 മുതൽ ഒരു ദിവസം മുൻ കൂട്ടി 5 ദിവസത്തെ വിനിമയ അവധി എടുത്തിട്ടുണ്ടെന്നും നിരീക്ഷണ കാലയളവിൽ ടിയാളുടെ ജോലി, സ്വഭാവം എന്നിവ തൃപ്തികരമായിരുന്നുവെന്നും ആയതിനാൽ ടിയാളുടെ ഡെപ്യൂട്ടി ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ തസ്തികയിലെ നിരീക്ഷണകാലം 03.12.2023 പൂർവ്വാഹ്നം പ്രാബല്യത്തിൽ ഡിക്ലയർ ചെയ്തുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കണമെന്നും ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ പരാമർശം 2) പ്രകാരം സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

(2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് വകുപ്പിലെ ഡെപ്യൂട്ടി ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ ആയ ശ്രീമതി.ഉഷാകുമാരി പി.കെ-യുടെ (പെൻ 298908) ഡെപ്യൂട്ടി ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ തസ്തികയിലെ നിരീക്ഷണകാല സേവനം 03.12.2023 പൂർവ്വാഹ്നം പ്രാബല്യത്തിൽ തൃപ്തികരമായി പൂർത്തീകരിച്ചതായി പ്രഖ്യാപിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**PREETHY C S**

ജോയിന്റ് സെക്രട്ടറി

ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ, തിരുവനന്തപുരം.

ശ്രീമതി.ഉഷാകുമാരി പി.കെ, ഡെപ്യൂട്ടി ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ. (ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.
വിവര പൊതുജന സമ്പർക്ക വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Manoj S
Date: 29-05-2024 11:25:45

സെക്ഷൻ ഓഫീസർ